കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ധർമ്മടം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1660/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ - doknr.ksad@kerala.gov.in
ഫോൺ - 04972-707698
തീയ്യതി – 01.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

ധർമ്മടം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ധർമ്മടം ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ( e-mail )
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )
3. കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1660/2017 തീയ്യതി : 01-11-2017

## കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ

## 2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആമുഖം

ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07-10-2016 മുതൽ 31-07--2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധനക്ക് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചാ യത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 24 അന്വേഷണക്കുറിപ്പുകൾ നല്കിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുക ളിൻമേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട<br>ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ജോൺ മനോഹർ. എ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 13-09-2017 മുതൽ 22-09-2017 വരെ |

(ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീമതി. ചന്ദ്രി.കെ വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ഉഷ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. വനജ മാടത്താൻകണ്ടി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബേബി സരോജ.സി.പി | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ.പ്രസാദ്.വി.വി | 01-04-2016 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |

| | | | | |
|---|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.യൂസഫ്.എൻ.കെ | 01-04-2016 | 03-10-2016 |
| | | ശ്രീ.അനിൽ.പി.കെ | 04-10-2016 | 31-03-2017 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി റംസീന.വി | 01-04-2016 | 03-11-2016 |
| | | ശ്രീ.ഉല്ലാസൻ.സി.പി | 04-11-2016 | 31-03-2017 |
| 3 | കൃഷി ഓഫീസ്സർ | ശ്രീ.ഉണ്ണികൃഷ്ണൻ.ആർ | 01-04-2016 | 10-06-2016 |
| | | ശ്രീമതി ലീന.എം.കെ | 11-06-2016 | 02-08-2016 |
| | | ശ്രീ. സുരേന്ദ്രൻ ചാത്തോത്ത് | 03-08-2016 | 31-03-2017 |
| 4 | വി.ഇ.ഒ | ശ്രീമതി പ്രിയ.കെ | 01-04-2016 | 23-10-2016 |
| | | ശ്രീ. പ്രേമൻ.വി | 24-10-2016 | 23-01-2017 |
| | | ശ്രീമതി പ്രിയ.കെ | 24-01-2017 | 31-03-2017 |
| | വിഇഒ 2 | ശ്രീമതി അഷീഫ.എ | 22-11-2016 | 31-03-2017 |
| 5 | വെറ്റിനറി സർജൻ | ശ്രീമതി ഷൈമജ ഉത്തമൻ | 01-04-2016 | 31-03-2017 |
| 6 | മെഡിക്കൽ ഓഫീ സർ പിഎച്ച്സി | ശ്രീ. ദിൽനാഥ് കല്ലാട്ട് | 01-04-2016 | 31-03-2017 |
| 7 | മെഡിക്കൽ ഓഫീ സർ (ഹോമിയോ) | ശ്രീമതി അമുദ.എം | 01-04-2016 | 31-03-2017 |
| 8 | മെഡിക്കൽ ഓഫീസർ (ആയു.) | ശ്രീ. അമർനാഥ്.പി | 01-04-2016 | 31-03-2017 |
| 9 | ഹെഡ് മാസ്റ്റർ | ശ്രീ. വിജയൻ.കെ | 01-04-2016 | 31-03-2017 |
| 10 | ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി വസന്തകുമാരി. | 01-04-2016 | 31-05-2016 |
| | | ശ്രീമതി ശ്രീജ.സി.എം | 01-06-2016 | 31-03-2017 |
| 11 | സബ്ഇൻസ്പെക്റ്റർ ഓഫ് ഫിഷറീസ് | ശ്രീ. ജോസ് ബാബു | 01-04-2016 | 01-03-2017 |

| | | | |
|---|---|---|---|
| | ശ്രീ. റിജ്ജൽരാജ് | 02-03-2017 | 31-03-2017 |

ഉള്ളടക്കം



| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|---|
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക | |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | |
| 4 | 1-4 | സാമ്പത്തിക വിശകലനം. | |
| 5 | 1-5 | ഫണ്ട് വിനിയോഗം2016-17 | |
| 6 | 1-6 | പദ്ധതി അവലോകനം. | |
| 7 | 1-7 | തനത് വരുമാനം. | |
| 8 | 1-8 | ക്ഷേമപദ്ധതികൾ | |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 10 | 1-10 | ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ | |
| 11 | 1-11 | വർക്കിംഗ് ഗ്രൂപ്പുകൾ | |
| 12 | 1-12 | ഗ്രാമസഭകളുടെ പ്രവർത്തനം. | |
| 13 | 1-13 | ദുരിതാശ്വാസനിധി | |
| ഭാഗം-2 | | | |
| 14 | 2-1 | വസ്തുനികുതി പരിഷ്കരണവും നികുതി നിർണ്ണയവും നടത്തിയതിലെ അപാകങ്ങൾ | |

| | | | |
|---|---|---|---|
| 15 | 2-2 | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിലെ അപാകങ്ങൾ | |
| 16 | 2-3 | ഡി& ഒ ലൈസൻസ് അപാകങ്ങൾ | |
| 17 | 2-4 | തൊഴിൽ നികുതി അപാകങ്ങൾ | |
| 18 | 2-5 | ഡെപ്പോസിറ്റ് രജിസ്റ്റർ - അപാകങ്ങൾ | |
| 19 | 2-6 | തനതു വരുമാനത്തിന് ഒന്നിലധികം ബാങ്ക് അക്കൗ ണ്ട് നിലനിർത്തുന്നു. | |
| 20 | 2-7 | ഇ-ടെണ്ടർ വഴി നടപ്പാക്കിയ പ്രവൃത്തികൾ- ടെണ്ടർ ഫാറം വില പഞ്ചായത്തിൽ വരവുവന്നിട്ടില്ല | |
| ഭാഗം-3 | | | |
| 21 | 3-1 | ഭവന നിർമാണം പൂർത്തിയാക്കിയില്ല | |
| 22 | 3-2 | വെള്ളക്കരം ഒടുക്കൽ - സംയുക്ത പരിശോധന നട ത്തിയിട്ടില്ല | |
| 23 | 3-3 | തെരുവ് വിളക്ക് എ .എം. സി - പരാതി രജിസ്റ്ററിൽ പരാതി വിവരങ്ങൾ ചേർത്തിട്ടില്ല, 1,07,500 രൂപ തട സ്സത്തിൽ വെയ്ക്കുന്നു | |
| 24 | 3-4 | കൈപ്പറ്റ് വിവരം, വിനിയോഗ സാക്ഷ്യപത്രം, പൂർ ത്തീകരണ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കി യിട്ടില്ലാത്തതിനാൽ തുക 7,38,265 തടസ്സപ്പെട്ടു ത്തുന്നു | |
| 25 | 3-5 | ലൈബ്രറി സെസ്സ് - യഥാസമയം ലൈബ്രറി കൗൺസിലിന് അടവാക്കുന്നില്ല | |
| 26 | 3-6 | തെരുവ് വിളക്ക് വാങ്ങൽ -അപാകങ്ങൾ | |

| | | | |
|---|---|---|---|
| 27 | 3-7 | ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല | |
| 28 | 3-8 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | |
| 29 | 3-9 | മെഡിക്കൽ ഓഫീസർ(പി എച്ച് സി) നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകങ്ങൾ | |
| 30 | 3-10 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)നിർവ്വഹണം നടത്തിയ പ്രോജക്ട്- 1,29,828രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. | |
| 31 | 3-11 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ-നാളിതുവരെയായി മരുന്നുകൾ ലഭിച്ചിട്ടില്ല. | |
| 32 | 3-12 | DBT വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ- ഗ്രാമ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണങ്ങൾ - ഗുണഭോക്താക്കൾ ഉൾപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നില്ല. | |
| 33 | 3-13 | മുൻകൂർ നൽകിയ തുകകൾ - ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | |
| 34 | 3-14 | വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച തുകകൾ - ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പുള്ള തുകകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനോ ക്രമീകരിക്കുന്നതിനോ ഉള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. | |
| 35 | 3-15 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ - ക്രമീകരിക്കാത്തത് സംബന്ധിച്ച്. | |
| 36 | 3-16 | പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രോജക്ടുകൾ നടപ്പാക്കി. | |
| ഭാഗം-4 | | | |
| 37 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |

| | | | |
|---|---|---|---|
| 38 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| 39 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 40 | 4-4 | വായ്പ / വായ്പ തിരിച്ചടവ് | |
| 41 | 4-5 | സ്ഥിരനിക്ഷേപങ്ങൾ | |
| 42 | 4-6 | ഓഡിറ്റ് റിക്കവറി | |
| 43 | 4-7 | ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം | |
| 44 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | |
| 45 | 4-9 | ഓഡിറ്റ് പ്രത്യവലോകനം | |
| 46 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | |
| 47 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 48 | Appendix- 1 | Audit Cetificate | |
| 49 | Appendix- 2 | Income & Expenditure Statement | |
| 50 | Appendix- 3 | Receipt & Payment Statement | |
| 51 | Appendix- 4 | Balance Sheet | |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017വർഷത്തെ ബജറ്റ് 27-2-16 ലെ 45/16 നമ്പർ തീരുമാനപ്രകാരവും, റിവൈസ്ഡ് ബജറ്റ് 24-2-17 തീയതിയിൽ ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുകയും ഭരണസമിതി തീരുമാനം നമ്പർ 110/2017 പ്രകാരവും അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു. ബജറ്റിൽ ട്രാൻസ്ഫർ ചെയ്യപ്പെടുന്ന തുകകൾ ഉൾക്കൊള്ളിക്കുകയും രസീറ്റ് &പേമെന്റ് സ്റ്റേറ്റ്മെന്റിൽ അവ

ഉൾക്കൊള്ളിക്കാതെയും ബജറ്റ് തയ്യാറാക്കിയതിനാൽ ഇവയുടെ താരതമ്യം നടത്താൻ സാധിച്ചിട്ടില്ല.

| ഇനം | ഒറിജിനൽ ബജറ്റ് | റിവൈസ്ഡ് ബജറ്റ് | യഥാർത്ഥത്തിലുള്ളത് (റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|---|---|
| മുന്നിരിപ്പ് | 5981627 | 5394055 | 8321880.53 |
| വരവ് | 100082000 | 107943847 | 35586464 |
| ആകെ | 105973627 | 113835114 | 43908344.53 |
| ചെലവ് | 99276000 | 108441059 | 37478081 |
| നീക്കിയിരിപ്പ് | 6697627 | 5394055 | 6430263.53 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-2017 | 31-07-2017 | 07-07-2017 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2016-2017 | 16-09-2017 | കെ.എസ്.എ-കെ.എൻ.ആർ/സി17 /1660/2017 തീയ്യതി. 01.11.17 | വിശേഷണങ്ങളോടു കൂടിയത് |

ന്യൂനത

1. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. 2015-16 ധനകാര്യ പത്രിക പ്രകാരം ബാലൻസ് ഷീറ്റിൽ B-15 schedule വസ്തു നികുതി കുടിശ്ശിക 3769259 രൂപയാണ്. എന്നാൽ 2016-17 ധനകാര്യ പത്രികയിലെ RP-43 schedule പ്രകാരം വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ളതായി 1769701 രൂപയാണ് കാണിച്ചിരിക്കുന്നത്. ഇവ തമ്മിലുള്ള വ്യത്യാസം 1999558 രൂപ I&E പത്രികയിലെ I-18 ഷെഡ്യൂളിൽ കാണിക്കേണ്ടതാണെങ്കിലും അപ്രകാരം കാണിച്ചിട്ടില്ല.

3. വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയിനത്തിലെ വരവ് ,തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 253570 രൂപയും, ധനകാര്യ പത്രികയിലെ ഷെഡ്യൂൾ RP-43 പ്രകാരം 284150 രൂപയുമാണ്

(30580 രൂപയുടെ വ്യത്യാസം ).

4. ബി-ഫണ്ട് -- തൊഴിൽ രഹിത വേതനമിനത്തിൽ ധനകാര്യ പത്രികയിലെ വരവ് (ഷെഡ്യൂൾ I-6) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
5. വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം എന്നയിനത്തിൽ 630000 രൂപ ചെലവഴിച്ചിട്ടുണ്ട് (ട്രഷറി ബിൽ ബുക്ക്). എന്നാൽ AFS schedule RP-19 ൽ 450000 രൂപയാണ് ചെലവായി കാണിച്ചിട്ടുള്ളത്.

6. വിവിധ ഫണ്ടുകളുടെ (എ. ബി.സി.ഡി.) വരവ്, വിനിയോഗം കാണിക്കുന്ന ACR ൽ വർഷാന്ത്യ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ഹെഡ്മാസ്റ്റർ എന്നിവർ ചെലവഴിച്ച യഥാക്രമം 66415, 15000 രൂപയുടെ ചെലവ് വിവരം സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ വിവിധ ഡെപ്പോസിറ്റ് തുകകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താൻ സാധിച്ചില്ല.

## 1-4 സാമ്പത്തിക വിശകലനം

സ്ഥാപനത്തിന്റെ 2016-2017വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 8321880.53 |
| വരവ് | 35586464 |
| ആകെ | 43908344.53 |
| ചെലവ് | 37478081 |
| നീക്കിയിരിപ്പ് | 6430263.53 |

*റസീറ്റ് &പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിരിക്കുന്നത്.

## 1-5 ഫണ്ട് വിനിയോഗം2016-17

| ഫണ്ടിനം | മുൻ ബാക്കി | ബജറ്റ് അലോട്മെന്റ് | തൻവർഷ വരവ് (എ.സി.ആർ പ്രകാരമുള്ളത്) | ചെലവ് | നീക്കിയിരിപ്പ് (എ.സി.ആർ പ്രകാരമുള്ളത്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 8495000 | 10549722 | 9990555 | 559167 | 94.6 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 1403000 | 1403370 | 773642 | 629728 | 55.13 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് ടി.എസ്.പി. | 0 | 40000 | 40341 | 0 | 40341 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 1599000 | 198922 | 653564 | 945358 | 40.87 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 0 | 3179000 | 3180228 | 796666 | 945358 | 25.05 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5915979 | 591979 | 1337716 | 4578263 | 22.6 |
| KLGSDP | | | 1380187 | 1380187 | 0 | 0 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1401.93 | 0 | 8118860 | 8119177.10 | 1084.83 | 99.9 |
| ബി ഫണ്ട് | 0 | | 12686681 | 12686681 | | 100 |

സംരക്ഷണഗ്രാന്റ് റോഡ്, റോഡിതര വിഭാഗത്തിലും, പെർഫോമൻസ് ഗ്രാന്റിന ത്തിലും 50% ൽ കുറവ് തുക മാത്രമെ ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളു. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തന ങ്ങൾക്കായി പരമാവധി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തിയാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 151 | 50883653 | 88 | 21853417 | 9 | 63 | 58.27 |

2016-17 വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 19 | 14 | 2926234 | 2027153 | 69.27 |
| അസി. സെക്രട്ടറി | 10 | 4 | 2256556 | 440000 | 19.5 |
| അസി. എഞ്ചിനീയർ | 69 | 26 | 27110884 | 7779428 | 28.69 |
| കൃഷി ഓഫീസർ | 5 | 5 | 2343117 | 1315500 | 56.17 |
| വെറ്റിനറി സർജൻ | 6 | 6 | 1350000 | 662360 | 49.0 |
| മെഡിക്കൽ ഓഫീസർ പിഎച്ച്സി | 3 | 3 | 765270 | 698855 | 91.37 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 400000 | 400000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 210000 | 195986 | 92.85 |
| വി ഇ ഒ | 4 | 2 | 1525000 | 190000 | 12.46 |
| വി ഇ ഒ | 11 | 6 | 4174400 | 1917400 | 45.93 |

| | | | | | |
|---|---|---|---|---|---|
| ഐസിഡിഎസ് സൂപ്പർ വൈസർ | 10 | 8 | 5500754 | 4140260 | 75.26 |
| ഹെഡ് മാസ്റ്റർ | 11 | 11 | 2171438 | 1936475 | 89.18 |
| ആകെ | 151 | 88 | 50883653 | 21853417 | 42.95 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-2017 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 21.58 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5030264 | 6148455 | 1118191 | (+)22.23 |
| നികുതിയേതര വരവുകൾ | 1429883 | 1705720 | 275837 | 19.30 |
| ആകെ | 6460147 | 7854175 | 1394028 | 21.58 |

ഗ്രാമപഞ്ചായത്തിന് തൻവർഷം 100% നികുതി പിരിവ് ലക്ഷ്യം കൈവരിക്കുവാനായിട്ടില്ല. കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ പ്രത്യേക ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

2016-2017 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-2017 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 210000 | 239 |
| കർഷകതൊഴിലാളി പെൻഷൻ | 549000 | 183 |
| വിധവാപെൻഷൻ | 2790300 | 930 |
| വാർദ്ധക്യകാലപെൻഷൻ | 6743450 | 2000 |
| വികലാംഗപെൻഷൻ | 747755 | 246 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 630000 | 21 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 1062050 | 354 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25-08-2017 | ജൂലൈ 2017 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05-11-2014 | 2009-10 മുതൽ 2013-14 വരെ | 20-12-2014 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-9-17 ന് 12.15 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12798/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി ആസൂത്രണത്തിൽ സുപ്രധാന പങ്ക് വഹിക്കേണ്ട ഘടകമാണ് വർക്കിംഗ് ഗ്രൂപ്പുകൾ. വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നല്കുക, വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അതിന്റെ അടിസ്ഥാനത്തിൽ അവയുടെ വിശകലനം നടത്തുകയും വിശകലനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കുക തുടങ്ങിയവ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതും, പദ്ധതി അംഗീകാരത്തിന് ശേഷം മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ മേൽ പ്രവർത്തനങ്ങൾ തൃപ്തികരമായി നിറവേറ്റിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ഓരോ വർക്കിംഗ് ഗ്രൂപ്പിനും ഹാജർ, മിനിറ്റ്സ്, തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിന് ഓരോ രജിസ്റ്റർ ഉണ്ടായിരിക്കണമെന്നും, രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ട ചുമതല കൺവീനർക്കാണ് എന്നും 12)ാം പദ്ധതി മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് രേഖകൾ തയ്യാറാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ഗ്രാമസഭകളുടെ പ്രവർത്തനം

കേരളാ പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 3 അനുസരിച്ച് മൂന്നു മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ സമ്മേളിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭ വിളിച്ചു കൂട്ടുന്നതിനുള്ള ചുമതല അതിന്റെ കൺവീനർ കൂടിയായ വാർഡ് മെമ്പറിൽ നിക്ഷിപ്തമാണ്. യോഗം മൂന്നുമാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ വീഴ്ച വരുത്തിയാൽ മെമ്പർസ്ഥാനത്ത് തുടരാൻ അയോഗ്യനായി തീരുന്നതാണ്. എന്നാൽ ഈ കാര്യങ്ങളൊന്നും പാലിക്കാതെ 2016-17 വർഷത്തിൽ ഒറ്റത്തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ഇക്കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഗ്രാമസഭാപ്രവർത്തനം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്.

1) ഒന്നാമത്തെ ഗ്രാമസഭ – മുൻവർഷത്തെവികസനപ്രവർത്തനങ്ങളുടെ അവലോകനവും, നടപ്പ് വർഷത്തെ വാർഷീകപദ്ധതി നിർദ്ദേശങ്ങളും.

2) രണ്ടാമത്തെ ഗ്രാമസഭ – അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ ചർച്ചയും ഗുണഭോക്തതെരഞ്ഞെടുപ്പും.

3) മൂന്നാമത്തെ ഗ്രാമസഭ – വാർഷീകപദ്ധതി നിർവഹണവും, ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തനവും.

4)നാലാമത്തെ ഗ്രാമസഭ – പദ്ധതി പുരോഗതി മോണിട്ടറിംഗും സോഷ്യൽ ഓഡിറ്റും.

ഓഡിറ്റ് വർഷത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

## 1-13 ദുരിതാശ്വാസനിധി

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരാതാശ്വാസനിധി രൂപീകരിക്കുകയും ഇതിനായി ധർമ്മടം സർവീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 01-04-2016 ന് 107777 രൂപ നീക്കിയിരിപ്പുണ്ടായിരുന്ന ദുരിതാശ്വാസനിധിയിൽ ഓഡിറ്റ് വർഷം 2118 രൂപ വരവും 50000 രൂപ ചെലവും ഉണ്ടായിട്ടുണ്ട് . നിലവിൽ പ്രസ്തുത അക്കൗണ്ടിൽ 59895/- രൂപ നീക്കിയിരിപ്പുണ്ട്. 30-09-2016 ന് ശേഷം വരവു ചെലവുകളുണ്ടായിട്ടില്ല. സംഭാവനകളിലൂടെയും മറ്റും നിധിയിലേക്കുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രകൃതി ക്ഷോഭത്താലും, മാറാരോഗങ്ങളാലും ദുരിതമനുഭ വിക്കുന്ന ജനങ്ങൾക്ക് അവരുടെ ദുരിതനിവാരണത്തിനായി സഹായം ലഭിക്കുന്നത് സംബന്ധിച്ച് ഗ്രാമസഭകളിലൂടെയും മറ്റും വ്യാപകമായ പ്രചാരണം നൽകി പരമാവധി ജനങ്ങൾക്ക് സഹായം എത്തിക്കുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും നിന്നും ഉണ്ടാകേണ്ടതാണ് .

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പരിഷ്കരണവും നികുതി നിർണ്ണയവും നടത്തിയതിലെ അപാകങ്ങൾ

1. വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഓരോ കെട്ടിടത്തിനും വസ്തുനികുതി ചുമത്തുന്നതിന് 3(4)(1) ചട്ടപ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾക്ക് (മുകൾനിലയുൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലോ ഒരാളുടെ ഉടമസ്ഥതയിലാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേകം നമ്പർ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്യോ രോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ചട്ടം 5(1) പ്രകാരം വസ്തുനികുതി നിർണ്ണയിക്കപ്പെടുന്നതിലേക്കായി ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ കെട്ടിടങ്ങളും 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പറയുന്ന ഉപയോഗ ക്രമത്തിനനുസരിച്ച് തരം തിരിക്കേണ്ടതാണ്.

ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെ വസ്തുനികുതി അസസ്സ്മെന്റുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയറും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഒരാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന്റെ പല ഭാഗങ്ങൾക്കും ഒരേ ഉപയോഗക്രമമായിട്ടുപോലും 100 ച.മീറ്ററിൽ താഴെ വിസ്തീർണത്തിൽ പല ഭാഗങ്ങളായി തിരിച്ച് പ്രത്യേകം പ്രത്യേകം കെട്ടിട നമ്പർ നൽകി 100 ച. മീറ്ററിൽ താഴെയുള്ള നിരക്കിൽ വസ്തുനികുതി ചുമത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമവിജ്ഞാപന

പ്രകാരം (പഞ്ചായത്ത് ഭരണസമിതിയുടെ 19-05-2011 തീയ്യതിയിലെ 40/2011-ാം നമ്പർ തീരുമാനം) 100 മീറ്ററിന് മുകളിൽ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 50 രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 100 ചതുരശ്രമീറ്ററിന് മുകളിൽ വിസ്തീർണമുള്ള വാണിജ്യാവശ്യ ത്തിനുള്ള കെട്ടിടത്തിൽ നിന്നും തക്കതായ കാരണമൊന്നും വ്യക്തമാക്കാതെ 100 ചതുരശ്രമീറ്റർ വരെ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 40 രൂപ നിരക്കിലാണ് നികുതി ഈടാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് വിലാസം | കെട്ടിട നമ്പർ | വിസ്തീർണം (ച.മി) | നിർണ്ണയിച്ച വസ്തു നികുതി @40(-)ഇളവ്, (+)വർദ്ധനവ്, (+ഗ്രന്ഥശാലാവരി(5%) (+2%സേവന നികുതി) | നിർണ്ണയിക്കേണ്ട വസ്തുനികുതി @50 ((-)ഇളവ്,(+)വർദ്ധനവ്, (+ഗ്രന്ഥശാലാവരി(5%)+2% സേവന നികുതി) | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | വയക്കര മഠത്തിൽ രേണുക | XV/294 A | 87 GF | 4469(വർദ്ധനവ് 20%, ഇളവ് ഇല്ല) | 5585 | 1116 |
| | -ടി- | XV/294 B | 87 FF | 4469 (വർദ്ധനവ് 20%, ഇളവ് ഇല്ല) | 5306 (FF ഇളവ് 5%) | 837 |
| | ആകെ | | | | | 1953 |

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 9(5) പ്രകാരം വാണിജ്യാവശ്യത്തിനുള്ള ബഹുനില കെട്ടിടത്തിന്റെ ഭൂനിരപ്പിലുള്ള നിലയുടെ മുകളിലുള്ള ഒന്നാം നിലയ്ക്ക് കണക്കാക്കിയ വാർഷിക നികുതിയുടെ 5% ഇളവ് അനുവദിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ കെട്ടിടത്തിന്റെ ഒന്നാം നിലയ്ക്ക് നികുതി നിർണ്ണയിക്കുമ്പോൾ ഇത്തരത്തിൽ ഇളവ് അനുവദിച്ചിട്ടില്ല. അപാകം വിശദീകരിക്കേണ്ടതാണ്.

2. അധിക നിർമ്മാണം ക്രമവത്കരിക്കുകയോ നികുതി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

മേൽപ്പറഞ്ഞ (ക്രമ നം.1 ൽ) കെട്ടിട ഉടമയ്ക്ക് 13-11-2015 ന് അനുവദിച്ച കെട്ടിട നിർമ്മാണ ലൈസൻസ് പ്രകാരം (പെർമിറ്റ് നമ്പർ A3/3408/15) 168.68 ചതുരശ്ര മീറ്റർ കെട്ടിടം പണിയുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 187.95 ചതുരശ്രമീറ്റർ ആണ് (GF 87 ച.മീ, FF 87 ച.മീ, SF 13.87 ച.മീ). കെട്ടിട നമ്പർ അനുവദിക്കുമ്പോൾ അധിക നിർമ്മാണം ക്രമവത്ക്കരണം നടത്തിയിട്ടില്ല. നികുതി നിർണ്ണയം നടത്തുമ്പോൾ അധിക നിർമ്മാണം നടത്തിയ 13.87 ച.മീ. പരിഗണിച്ചിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

a) ഈടാക്കേണ്ട ക്രമവത്കരണ ഫീസ് = 13.87 x 5 x 2 = 139 രൂ

b) നികുതി നിർണ്ണയം

13.87 ച.മീ (രണ്ടാം നില) 13.87 x 50 = 693.50

(+) 20% വർദ്ധനവ് = 138.70

832.20 – 10 % ഇളവ് (രണ്ടാനം നില)= 832.2 – 83.2 = 749

നികുതി = 749 x .05 = 38

749 x .02 = 15

749 + 38 + 15 = 802 രൂ.

നികുതി നിർണ്ണയം നടത്തുമ്പോൾ ആകെ തറവിസ്തീർണ്ണം പരിഗണിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നം.22/2016-17, തീയ്യതി: 29-06-2017) നികുതി നിർണ്ണയം നടത്തുമ്പോൾ അപാകം സംഭവിച്ചിട്ടുണ്ടെന്നും ആയത് പരിഹരിച്ച് വിവരം ലഭ്യമാക്കുന്നതാണെന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച് ക്രമവല്ക്കരണ ഫീസ്, വസ്തുനികുതി എന്നിവയിൽ കുറവ് വന്ന തുക (1953+139+802 = 2894 രൂപ) ഈടാക്കി

പഞ്ചായത്ത് ഫണ്ടിലൊടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

3.വസ്തുനികുതി പരിഷ്കരണം - സർക്കാർ നിശ്ചയിച്ച ഉപയോഗക്രമങ്ങളിൽ മാറ്റം വരുത്തി അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ചട്ടങ്ങൾ (തദ്ദേശ സ്വയം ഭരണ (ആർ ഡി) വകുപ്പിന്റെ 14-01-2011 തീയ്യതിയിലെ സ.ഉ.(അച്ചടി) 20/2011/ തസ്വഭവ നമ്പർ വിജ്ഞാപനം) പ്രകാരം 08-12-2011 ന് ധർമ്മടം ഗ്രാമ പഞ്ചായത്ത് വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാ പനം പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ചട്ടങ്ങളിലെ 4,5 ചട്ടങ്ങളിൽ വസ്തുനികുതി നിർണ്ണയത്തിനായി കെട്ടിടങ്ങളെ വ്യത്യസ്ത ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കുകയും അവ ഓരോന്നിനും 1 ചതുരശ്ര മീറ്ററിന് ബാധകമായ അടിസ്ഥാന നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി കൾക്ക് വിധേയമായി, ഓരോ ഇനം കെട്ടിടത്തിനും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ചുമത്ത പ്പെടേണ്ട അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പൂർണ്ണ സംഖ്യയിൽ ഗ്രാമ പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി 14-01-2011 തീയ്യതിയിലെ സ.ഉ.(അ). 19/2011/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് ചതുരശ്രമീറ്റർ തറവി സ്തീർണ്ണത്തിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഓരോ ഗ്രാമ പഞ്ചായത്തും ഓരോ ഇനം കെട്ടിടത്തിനും സർക്കാർ നിശ്ചയി ച്ചിട്ടുള്ള പരിധിക്കുള്ളിലുള്ള ഒരു നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തേ ണ്ടതാണ്.

എന്നാൽ ഗ്രാമ പഞ്ചായത്ത് മേൽ ചട്ടങ്ങൾ പ്രകാരം അടിസ്ഥാന വസ്തുനികുതി നിർണ്ണയം നടത്തി അന്തിമ വിജ്ഞാപനം ചെയ്തപ്പോൾ സർക്കാർ നിശ്ചയിച്ചിട്ടുള്ളതിൽ നിന്നു വ്യത്യസ്തമായ ഉപയോഗക്രമങ്ങളാണ് വിജ്ഞാപനത്തിൽ ചേർത്തുകാണുന്നത്. സർക്കാർ വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുള്ള എല്ലാതരം കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളും അന്തിമവിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടില്ല. ഉപയോഗക്രമങ്ങളിൽ മാറ്റം വരുത്തിയത് പഞ്ചായത്ത് തീരുമാനത്തിന്റെ അടി സ്ഥാനത്തിലല്ല. അന്തിമവിജ്ഞാപനവുമായി ബന്ധപ്പെട്ട എല്ലാ പഞ്ചായത്ത് തീരുമാനങ്ങളും രേഖപ്പെടുത്തിയ പഞ്ചായത്ത് മിനുട്സ് പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടതുപ്രകാരം വസ്തുനികുതി പരിഷ്കരിച്ച അന്തിമ വിജ്ഞാപനത്തിന്റെ തീരുമാനം ലഭ്യമാക്കിയിരുന്നു. ഇത് സർക്കാർ ഉത്തരവിൽ പറയുന്ന ഉപയോഗക്രമങ്ങൾക്കനുസരിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുമ്പോൾ ഇതിൽ നിന്നും വ്യത്യസ്തമായ ഉപയോഗക്രമങ്ങൾ നിശ്ചയിച്ചതിന് കാരണം വിശദമാക്കിയിട്ടില്ല.

## 2-2 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിലെ അപാകങ്ങൾ

2016-17 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. 2016-17 വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെയുള്ള 291 അപേക്ഷകളിൽ വളരെ കുറച്ച് എണ്ണത്തിൽ മാത്രമേ തീർപ്പു കൽപ്പിച്ചിട്ടുള്ളൂ. മിക്ക അപേക്ഷകളും തീർപ്പാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷ തപാൽ നമ്പർ,തീയ്യതി | അപേക്ഷകന്റെ പേര് | പെർമിറ്റ് ആവശ്യം, വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|
| 305 | 2341/16, | ശുഭ മനോജ് | രേഖപ്പെടുത്തിയിട്ടില്ല | അപേക്ഷയിൽ |

| | | | | |
|---|---|---|---|---|
| | 01-04-2016 | | | സ്വീകരിച്ച നടപടി വ്യക്തമല്ല |
| 307 | 2395/16,<br>02-04-2016 | അശോക് കുമാർ ടി പി | -ടി- | 28-08-16 ന് A2 സെക്ഷന് കൈമാറി |
| 339 | 3367/16,<br>29-04-2016 | നടുവലത്ത് വളപ്പിൽ നിയാസ് | കൊമേഴ്സ്യൽ,<br>269.30 sq.m | 06-05-16 ന് നോട്ടീസ് അയച്ചു |
| 358 | 3806/16,<br>21-05-2016 | അനീഷ്, ഹിൽന ദാസ് | ഇൻസ്റ്റിറ്റ്യൂഷൻ ആവശ്യ ത്തിന്, വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല | 03-06-2016 ന് നോട്ടീസ് അയച്ചു |
| 476 | 6676/16<br>20-10-2016 | ബാഡയിൽ മുംതാസ് | പാർപ്പിടം,<br>59.18 sq.m | അപേക്ഷയിൽ സ്വീകരിച്ച നടപടി വ്യക്തമല്ല |

മേൽപറഞ്ഞ അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.13/16-17,തീയ്യതി : 19-09-2017)മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റിന് ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനും രജിസ്റ്ററിൽ ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പെർമിറ്റ് അപേക്ഷകൾ സ്വീകരിക്കുമ്പോൾ അപേക്ഷാഫീസ് ഈടാക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം ഒരു കെട്ടിടം നിർമ്മിക്കുവാനോ പുനർനിർമ്മിക്കുവാനോ അല്ലെങ്കിൽ ഒരു കെട്ടിത്തിന്റെ പണിയിൽ മാറ്റം വരുത്തുവാനോ അതിൽ കൂട്ടിച്ചേർക്കൽ നടത്തുവാനോ അപേക്ഷ സമർപ്പിക്കുമ്പോൾ ഷെഡ്യൂൾ-1 പ്രകാരമുള്ള ഫീസ് ഒടുക്കിയത് തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ ഉള്ളടക്കം ചെയ്തിരിക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2016-17 വർഷത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റിന്/ എൻ.ഒ.സിക്ക്/ ക്രമവത്ക്കരണത്തിന് അപേക്ഷ സ്വീകരിക്കുമ്പോൾ ഇപ്രകാരം ഫീസ് ഈടാക്കിയിട്ടില്ല. പെർമിറ്റ് അനുവദിച്ച അപേക്ഷകൾക്കു മാത്രമേ അപേക്ഷാഫീസ് ഈടാക്കിയിട്ടുള്ളൂ.

3. വാർഷിക ധനകാര്യ പത്രികയിലെ RP-4 ഷെഡ്യൾ പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് ഫീയിനത്തിൽ 56,247 രൂപ തൻവർഷം വരവുണ്ട്. പെർമിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. വാർഷിക ധനകാര്യ പത്രികയിലെ RP-4 ഷെഡ്യൂൾ പ്രകാരം കെട്ടിട നിർമ്മാണ ക്രമവത്ക്കരണ ഇനത്തിൽ 30,370 രൂപ തൻവർഷം വരവുണ്ട്. ഇതു സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 134(3) പ്രകാരം അനുബന്ധം J മാതൃകയിലുള്ള ക്രമവത്ക്കരണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 2-3 ഡി& ഒ ലൈസൻസ് അപാകങ്ങൾ

a. ലൈസൻസുകൾ യഥാസമയം പുതുക്കുന്നില്ല.

1996 കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ഈ ആവശ്യത്തിലേക്കായി സമർപ്പിക്കുന്ന ഭൂരിഭാഗം അപേക്ഷകളിലും മേൽ സമയക്രമം പാലിക്കുന്നില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ. നം | സ്ഥാപന ഉടമയുടെ പേര് / വാർഡ്.നം | ആവശ്യം | അപേക്ഷ തിയ്യതി |
|---|---|---|---|
| 1 | പി.ജലജ 15 / 151 | പെൻസിൽ, സ്ലേറ്റ് നിർമ്മാണം | 21.3.16 |
| 2 | വേണാടൻ സുധീർകുമാർ 4 / 423 | അനാദി & സ്റ്റേഷണറി | 25.4.16 |
| 3 | കെ. ഗംഗാധരൻ 11 / 25 | ജിഗേഷ് ജ്വല്ലറി | 6.5.16 |
| 4 | സലീം .ഇ | സ്റ്റാർ ബേക്കേഴ്സ് | 26.4.16 |
| 5 | വിനോദ് കുമാർ | അമിക്ക ഫുഡ്സ് & ഹെൽത്ത്കെയർ | 3.6.16 |

യന്ത്രം ഉപയോഗിക്കാതെ പ്രവർത്തിക്കുന്ന മേൽ പറഞ്ഞ സ്ഥാപനങ്ങൾ യഥാസമയം ലൈസൻസ് പുതുക്കാത്തതിനാൽ, 1994ലെ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232(1) പ്രകാരം ലൈസൻസ് കൂടാതെ ഏതൊരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലായെന്ന വ്യവസ്ഥയനുസരിച്ച് ഇവയെ ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചതായി കണക്കാക്കി, പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം -26 പ്രകാരം ചട്ടലംഘനത്തിന് 1994 ലെ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ്-255 പ്രകാരം പിഴ ഈടാക്കാവുന്നതാണ്.

b. ഡി&ഒ ലൈസൻസ് ഫീ ഇനത്തിൽ 52,200 രൂപ കുടിശ്ശിക.

2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം 52200 രൂപ കുടിശ്ശികവന്നതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 24/16-17) 2015-16 വർഷം മുൻകൂറായി വാങ്ങിയ 40500 രൂപ അഡ്ജസ്റ്റ് ചെയ്യാത്തത് കാരണമാണ് കുടിശ്ശിക വന്നതെന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. കൂടാതെ 2016-17 വർഷം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന കുടിശ്ശിക തുകയായ 11700 രൂപ 2017-18 ൽ പിരിച്ചെടുത്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

## 2-4 തൊഴിൽ നികുതി അപാകങ്ങൾ.

ധർമ്മടം ഗ്രാമ പഞ്ചായത്തിലെ 2016-17വർഷത്തെ തൊഴിൽനികുതി പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204(3) പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടക അലവൻസ്, സിറ്റി കോമ്പൻസേറ്ററി അലവൻസ്, യാത്രാ സൗകര്യഅലവൻസ്, യാത്ര അലവൻസ് എന്നിവ ഒഴികെ എല്ലാമാർഗ്ഗങ്ങളിലും കൂടിയുള്ള മൊത്ത വരുമാനത്തിന്റെ മേലെയാണ് നികുതി നിർണ്ണയിക്കുന്നത്. എന്നാൽ താഴെ കൊടുത്ത സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേണുകളിൽ വീട്ടു വാടക അലവൻസ് കൂട്ടിയുള്ള വരുമാനത്തിന്റെ മേലെയാണ് നികുതി ചുമത്തിയിരിക്കുന്നത്.

1.ധർമ്മടം ബേസിക്ക് കോറണേഷൻ യു.പി .സ്കൂൾ.

2.ധർമ്മടം ബേസിക്ക് യു.പി .സ്കൂൾ.

3.മേലൂർ ഈസ്റ്റ് ബേസിക്ക് യൂ.പി സ്കൂൾ.

2. പഞ്ചായത്തിലെ എൽ.എസ്.ജി.ഡി. വിഭാഗത്തിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി ഒടുക്കാത്ത വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3.താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | വർഷം |
|---|---|
| തലശ്ശേരി ക്ഷീര വ്യവസായ സഹകരണ സംഘം | 2016-17 1 &2 അർദ്ധ വർഷം |
| മോസൺസ് എക്സ്ട്രാക്ഷൻസ് | 2016-17 1& 2 അർദ്ധ വർഷം |
| റെയിൻബോ ഇൻഡസ്ട്രീസ് | 2016-17 1& 2അർദ്ധ വർഷം |
| മൈക്രോ പ്രസ്സിംഗ് ഇൻഡസ്ട്രീസ് | 2016-17 1 & 2 അർദ്ധ വർഷം |
| അശ്വതി ഇൻഡസ്ട്രീസ് | 2016 -17 1 &2 അർദ്ധ വർഷം |

ഈ സ്ഥാപനങ്ങളിൽ നിന്നും വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടേണ്ടതാണ് .

## 2-5 ഡെപ്പോസിറ്റ് രജിസ്റ്റർ - അപാകങ്ങൾ

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2016-17 വരെയുള്ള ലഭിച്ച ഡെപ്പോസിറ്റുകൾ 2244331/- രൂപയും ക്രമീകരിച്ചത് 206170/- രൂപയും ക്രമീകരിക്കാൻ ബാക്കി 2038161/- രൂപയുമാണ്. ഇത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. എന്നാൽ ബാലൻസ് ഷീറ്റ് ബി 7 ഷെഡ്യൂൾ പ്രകാരം 2016-17 വർഷത്തിൽ ക്രമീകരിക്കാൻ ബാക്കിയുള്ള തുക 1002162.50/- രൂപയാണ്. ഡെപ്പോസിറ്റ് സംബന്ധിച്ച കണക്കുകളിലെ പൊരുത്തക്കേടുകൾ പരിഹരിച്ച് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2004-05വർഷം മുതലുള്ള ഡെപ്പോസിറ്റുകൾ ക്രമീകരിക്കാൻ ബാക്കിയുള്ളതായി കാണുന്നു. ഇവയിൽ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടാവുന്നതാണ്.

## 2-6 തനതു വരുമാനത്തിന് ഒന്നിലധികം ബാങ്ക് അക്കൗണ്ട് നിലനിർത്തുന്നു

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26-05-2011 തീയ്യതിയിലെ 58725/എഫ്.എം. 3/2008 നമ്പർ സർക്കുലറിൽ തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൌണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നും ഒന്നിൽക്കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുതെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി ധർമ്മടം ഗ്രാമ പഞ്ചായത്തിൽ തനത് വരുമാനം സൂക്ഷിക്കുന്നത് നാല് ബാങ്ക് അക്കൗണ്ടുകളിലാണ്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1. ധർമ്മടം സർവ്വീസ് സഹകരണ ബാങ്കിലും (അക്കൗണ്ട് നമ്പർ 0201110004898)
2. സിൻഡിക്കേററ് ബാങ്ക് (അക്കൗണ്ട് നമ്പർ 42272250025225)
3. എസ്.ബി.ഐ(തൊഴിൽ നികുതി - എംപ്ലോയീസ് അക്കൗണ്ട് :അക്കൗണ്ട് നമ്പർ - 67387335280)
4. സ്പെഷ്യൽ ടി എസ് ബി അക്കൗണ്ട് (അക്കൗണ്ട് നമ്പർ 722031400000003)

ഇത് ശരിയായ നടപടിയല്ല. തനത് ഫണ്ട് സൂക്ഷിക്കുന്നതിന് സർക്കുലർ നിർദ്ദേശം പാലിച്ചുകൊണ്ട് ഒറ്റ ബാങ്ക് അക്കൗണ്ട് നിലനിർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-7 ഇ-ടെണ്ടർ വഴി നടപ്പാക്കിയ പ്രവൃത്തികൾ - ടെണ്ടർഫാറം വില പഞ്ചായത്തിൽ വരവുവന്നിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ,

2016-17 വർഷത്തിൽ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർഫാറം വില, ഇഎംഡി എന്നിവ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വരുന്നത്. എന്നാൽ ടെണ്ടർഫാറം വില ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം ആകയാൽ ഈയിനത്തിലുള്ള വരവ് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. പ്രവൃത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ടെണ്ടർഫീ | ഇഎംഡി | കരാറുകരൻ |
|---|---|---|---|
| 57/17, മേലൂർ അംഗൻവാടി ഒന്നാം നില | 1470 | 17500 | വിനീപ് എം |
| 45/17,കോറണേഷൻ പുത്തൻപുര റോഡ് | 1260 | 14000 | അശോകൻ.ടി |
| 56/17, പിഎച്ച്സിയുടെ ഭൗതിക സൗകര്യം | 2100 | 25000 | അശോകൻ.ടി |
| 29/17, പനക്കണ്ടിമുക്ക് ലക്ഷം വീട് റോഡ് | 1160 | 13075 | അശോകൻ.ടി |
| ആകെ | 5990 | | |

മേൽതുകകൾ ജില്ലാഞ്ചായത്തിൽ നിന്നും തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭവന നിർമാണം പൂർത്തിയാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ, ധർമ്മടം

2015-16 വർഷം ആരംഭിച്ച ഭവന നിർമ്മാണം (പ്രോജക്ട് നമ്പർ 63/15-16) എന്ന പ്രോജക്ട് 2016-17 വർഷവും പൂർത്തിയാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് ആകെ ₹2,00,000 യാണ് ധനസഹായം

അനുവദിക്കേണ്ടത്. ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയ ശേഷം ഭവന നിർമാണം പൂർത്തിയാക്കാത്ത അവസ്ഥയാണുള്ളത്. 2015-16 വർഷം തുടങ്ങി ഇതുവരെയും ഭവന നിർമാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഭവന നിർമാണം പൂർത്തിയാക്കാത്തവരുടെ പേരു വിവരം | ആരംഭിച്ച വർഷം | ഇതുവരെ കൈപ്പറ്റിയ തുക ₹ |
|---|---|---|---|
| 1 | അപ്പുക്കുട്ടൻ, മംഗലശ്ശേരി വീട്, മേലൂർ, W. No. I | 2015-16 | 140000 |
| 2 | സുജിത. എം, സൂരജ് നിവാസ്, പാലയാട്. W. No. VII | 2015-16 | 80000 |
| 3 | സജിത ഇ, മീത്തലെ വീട്, പാലയാട്. W. No. VII | 2015-16 | 80000 |

മേൽ ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 വെള്ളക്കരം ഒടുക്കൽ - സംയുക്ത പരിശോധന നടത്തിയിട്ടില്ല

ധർമ്മടം ഗ്രാമ പഞ്ചായത്ത് വെള്ളക്കരമിനത്തിൽ 2017 മാർച്ച് വരെ പ്രതിമാസം ₹91875 രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കി വരുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ ഇൻവോയിസ് പ്രകാരം 210 പൊതു ടാപ്പുകളുടെ ചാർജാണ് ഗ്രാമ പഞ്ചായത്ത് പ്രതിമാസം ഒടുക്കി വരുന്നത്. പൊതു ടാപ്പുകളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. പ്രവർത്തനക്ഷമമായ പൊതു ടാപ്പുകൾക്ക് മാത്രമേ വെള്ളക്കരം ഒടുക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്നും, വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്നും അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 27/22-09-2017 ) പൊതു ടാപ്പുകളുടെ സംയുക്ത പരിശോ ധന നടത്താൻ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തയച്ചിട്ടുണ്ടെന്നാണ് സെക്രട്ടറി മറുപടി നല്കിയിട്ടുള്ളത്. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ പൊതു ടാപ്പുകൾക്ക് മാത്രമേ വെള്ളക്കരം ഒടുക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്താനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഈ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-3 തെരുവ് വിളക്ക് എ .എം. സി - പരാതി രജിസ്റ്ററിൽ പരാതി വിവരങ്ങൾ ചേർത്തിട്ടില്ല

പ്രൊജക്റ്റ് നം, പേര് - 92 / 17, തെരുവ് വിളക്ക് എ .എം. സി.

അടങ്കൽ - 430000 (ധനകാര്യ കമ്മീഷൻ ഫണ്ട് ).

ചെലവ് - ₹ 107500 .

ബിൽ നം.തീയ്യതി - 19 / 16-17, 28.3.17. ₹ 107500.

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകൾ എ.എം. സി . വ്യവസ്ഥയിൽ പരിപാലി ക്കുന്നതിന് കെൻകോസ്, കതിരൂർ എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി മേൽ സൂചിപ്പിച്ച ബിൽ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ കരാറിൽ ഏർപ്പെട്ടതിൽ താഴെ കൊടുത്ത

അപാകങ്ങൾ കാണുന്നു.

1. കരാറുകാരനും പഞ്ചായത്തും തമ്മിൽ ഉണ്ടാക്കിയ കരാറിൽ തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള എണ്ണം, കാലയളവ് എന്നിവ സൂചിപ്പിച്ചിട്ടില്ല.

2. തെരുവ് വിളക്കുമായി ബന്ധപ്പെട്ട് ഹാജരാക്കിയ പരാതി രജിസ്റ്ററിൽ 2016-17 പരാതി കൾ ലഭിച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

3. പഞ്ചായത്ത് ഡയറക്ടറുടേ 17 / 8 / 15 ലെ ജി2 .44274 നം നടപടിക്രമങ്ങൾ പ്രകാരം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യാനായി പുതിയ സാധനങ്ങൾ ഇഷ്യൂ ചെയ്യുമ്പോൾ പഴയ സാധനങ്ങൾ തിരിച്ചേൽപ്പിക്കേണ്ടതും വാർഷിക സ്റ്റോക്ക് ഇൻ & സ്റ്റോക്ക് ഔട്ട് റിപ്പോർട്ട് പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇത്തരം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അപാകങ്ങൾ പരിഹരിച്ച് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-4 കൈപ്പറ്റ് വിവരം, വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുക 7,38,265 തടസ്സപ്പെടുത്തുന്നു

2016 – 17വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെ കൊടുത്ത പദ്ധതികളുടെ ചെലവുകളുമായി ബന്ധപ്പെട്ട് കൈമാറിയ തുകയുടെ കൈപ്പറ്റ് വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ പത്രിക എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുക 738265 തടസ്സപ്പെടുത്തുന്നു.

| വർഷം | പ്രോജക്ട് നമ്പർ പേര് | വകയിരുത്തിയ തുക | ചെലവ് തുക ബിൽ നമ്പർ/തീയ്യതി | ആവശ്യമായ രേഖകൾ |
|---|---|---|---|---|
| 2016-17 | 155/17 തെരുവ് നായകളുടെ പ്രജനന നിയന്ത്രണ പദ്ധതി. | ₹100000 (തനത് ഫണ്ട്) | ₹100000.<br>ചെക്ക് നം .5585585 , 3.1.17. | തുക കൈപ്പറ്റിയതിന്റെ രേഖ ,വിനിയോഗ സാക്ഷ്യപത്രം. |
| 2016-17 | 199/17<br>സാമൂഹ്യ സുരക്ഷാമിഷനു തുക കൈമാറൽ | ₹ 496000 (വികസന ഫണ്ട്.) | ₹ 496000<br>ബിൽ നം.22/16-17 /28/03/ 2017<br>₹496000 | തുക കൈപ്പറ്റിയതിന്റെ രേഖ |
| 2016-17 | 198/17 . ഐ.കെ.എം പ്രവർത്തന ഫണ്ടിലേക്ക് തുക കൈമാറൽ. | ₹73430 വികസന ഫണ്ട് | ബിൽ.നം. 21 /16-17 തീ.28 /3 / 17.<br>₹73430 | തുക കൈപ്പറ്റിയതിന്റെ രേഖ . |
| 2016-17 | 186/17 സ്ട്രീറ്റ് ലൈൻ എസ്റ്റൻഷൻ | ₹ 50000 വികസന ഫണ്ട്. | ബിൽ .നം 27/16-17 | തുക കൈപ്പറ്റിയതിന്റെ രേഖ , പണി |

| | | | | |
|---|---|---|---|---|
| | | ₹ 50000 (മെയിന്റനൻസ് ഫണ്ട് ) റോഡിതരം | /30-03-2017<br>₹50000<br>ബിൽ.നം.28/ 16-17<br>/31/3/17 ₹18835 | പൂർത്തികരിച്ചതിന്റെ വിവരം. |

മേൽ രേഖകളുടെ അഭാവത്തിൽ ചെലവ്തുക 738265 തടസ്സപ്പെടുത്തുന്നു.

## 3-5 ലൈബ്രറി സെസ്സ് -യഥാസമയം ലൈബ്രറി കൌൺസിലിന് അടവാക്കുന്നില്ല

20-9-2005 ലെ 10088 /എൽ3/ 05 തസ്വഭവ നം. സർക്കുലർ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൌൺസിലിന് അടവാക്കേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30 നകവും രണ്ടാമ ത്തെ ഗഡു നവംബർ 30 നകവും അടയ്ക്കണം. എന്നാൽ പഞ്ചായത്ത് 2014-15 & 2015-16വർഷത്തെ ലൈബ്രറി സെസ് 9.12.17 നാണ് അടവാക്കിയിട്ടുള്ളത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം / തുക ഒടുക്കിയത് | ചെക്ക് നം / തീയതി<br>02028911 തീ.9.12.17 ₹ 240768 . |
|---|---|
| 2014-15 116369 | |
| 2015-16 125399 | |
| ആകെ 240768 | |

2016-17 ൽ ലൈബ്രറി സെസ്സ് ഇനത്തിൽ 177377 രൂപ ലൈബ്രറി കൌൺസിലിന് അടവാക്കാൻ അവശേഷിക്കുന്നു . ആയത് എത്രയും വേഗം അടവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 തെരുവ് വിളക്ക് വാങ്ങൽ -അപാകങ്ങൾ

പ്രൊജക്ട് നം - 168/17 തെരുവ് വിളക്ക് വാങ്ങൽ

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 100000 (വികസന ഫണ്ട്)

ചെലവ് - 99900

ബിൽ .നം. - 20 / 16-17 /28.3.17.

മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പുതിയ തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ടെണ്ടർ നടപടിയിലൂടെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത എലൈറ്റ്, ചക്കരക്കൽ എന്ന സ്ഥാപനത്തിൽ നിന്നാണ് തെരുവ് വിളക്കുകൾ വാങ്ങിയിട്ടുള്ളത്. 2*11 watt cfl തെരുവ് വിളക്കുകൾ ഒന്നിന് എല്ലാ നികുതികളും സ്ഥാപിക്കുന്നതിനുള്ള ചാർജ്ജ് ഉൾപ്പെടെ 1850 രൂപ നിരക്കിൽ 54 തെരുവ് വിളക്കുകളാണ് വാങ്ങിയിട്ടുള്ളത്. തെരുവ് വിളക്കുകൾ ലഭിച്ചതിന്റെ വിവരം

സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. തെരുവ് വിളക്കുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നുള്ള പരിശോധന നടത്തിയ റിപ്പോർട്ട്.

2. ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചത് സംബന്ധിച്ച് വൈദ്യുതി ബോർഡിൽ നിന്നുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്.

3. തെരുവ് വിളക്കുകൾ ഓരോ വാർഡിലും എവിടെയൊക്കെ സ്ഥാപിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും പോസ്റ്റ് നമ്പർ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

4.മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് .

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 6/16-17 ) തെരുവ് വിളക്ക് വാങ്ങിയത് BIS ഗുണമേൻമയുള്ള അംഗീകൃത സ്ഥാപനത്തിൽ നിന്നാകയാൽ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽനിന്നുള്ള പരിശോധന നടത്തേണ്ടതി ല്ലെന്നും മുൻപ് സ്ഥാപിച്ചിരുന്ന തെരുവ് വിളക്കുകൾക്ക് പകരമായി സ്ഥാപിച്ചതി നാലാണ് വൈദ്യുതി ബോർഡിൽ നിന്നുമുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാ ക്കാത്തത് എന്നുമാണ് മറുപടി നൽകിയിട്ടുള്ളത് .

## 3-7 ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി,

പ്രോജക്റ്റ് നമ്പർ, പേര് - 164/17, വീട് നിർമ്മാണം(പട്ടികജാതി)

ചെലവ് - 90000/- (ബിൽ 2/16-17,7-3-17)

2015-16 വർഷത്തിൽ ആരംഭിച്ച മേൽ പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി പട്ടികജാതി വിഭാഗത്തിനുള്ള ഭവന പദ്ധതി പ്രകാരം റനിൽ. വി.കെ എന്ന ഗുണഭോക്താവിന് അനുവദിക്കേണ്ട ആനുകൂല്യം 2,00,000/- രൂപയാണ്. പ്രസ്തുത ഗുണഭോക്താവിന് 30000/- രൂപ നൽകുകയും, തുടർന്ന് 2016-17 വർഷത്തിൽ 90000/- രൂപയും ഉൾപ്പെടെ 120000/- രൂപ നൽകിയിട്ടുണ്ട്.മേൽ ഗുണഭോക്താവ് നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഭവനനിർമ്മാണം പൂർത്തിയാക്കാനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-8 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

പ്രോജക്റ്റ് -109/17, കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ - 93750(വി.ഫ)

- 93750(സംസ്ഥാനവിഹിതം)

- 187500(ഗുണ.വിഹിതം)

ചെലവ് - 93750(ബിൽ 2/16-17,25-2-17)

മേൽ പദ്ധതി പ്രകാരം 15 കന്നുകുട്ടികൾക്കുള്ള വിഹിതമായി 93750/- രൂപ എസ് എൽബിപി ഡെപ്യൂട്ടി ഡയരക്റ്റർക്ക് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതും, ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 3-9 മെഡിക്കൽ ഓഫീസർ(പി എച്ച് സി) നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകങ്ങൾ

1. പ്രോജക്ട് നമ്പർ : 85/17

പേര് : പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 40,000 (തനത് ഫണ്ട്)

: 60,000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം)

ആകെ : 1,00,000

ചെലവ് -തുക : 38,096/- (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം)

ബിൽ നമ്പർ, തീയ്യതി : 4/16-17, 30-12-2016

തുക : 21,904/- (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം)

ബിൽ നമ്പർ, തീയ്യതി : 9/16-17, 28-03-2017

11-01-2016 ലെ ജി.ഒ.(എം.എസ്) 4/2016/തസ്വഭവ മാർഗരേഖ പ്രകാരം മരുന്ന് വാങ്ങിക്കുന്നതിനു മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ചിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഹെൽത്ത് & ഫാമിലി വെൽഫെയർ ഡിപ്പാർട്ട്മെന്റിന്റെ 22-09-2016 തീയ്യതിയിലെ ജി.ഒ(ആർ.ടി) 2605/2016/H&FWD നമ്പർ ഉത്തരവിൽ പദ്ധതി പ്രകാരമുള്ള മരുന്ന് വാങ്ങിക്കുമ്പോൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നല്ല, മറിച്ച് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നാണ് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിക്കേണ്ടത് എന്ന് സ്പഷ്ടീകരണം നൽകിയിട്ടുമുണ്ട്. പദ്ധതി പ്രകാരം നീതി സ്റ്റോർ തലശ്ശേരിയിൽ നിന്നും 60,000 രൂപയ്ക്ക് പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവുകൾ പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിക്കാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നാണ് സർട്ടിഫിക്കറ്റ് വാങ്ങിച്ചിരിക്കുന്നത് . സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മരുന്ന് വാങ്ങിക്കുന്നതിനു ശ്രദ്ധി ക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.5/2016-17)

2. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 3-10 മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)നിർവ്വഹണം നടത്തിയ പ്രോജക്ട്- 1,29,828രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നമ്പർ : 101/17

പേര് : ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 4,00,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ്)

ചെലവ് : 4,00,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ്)

ബിൽ നമ്പർ,തീയ്യതി : 60/16-17, 17-03-2017

മേൽ പ്രോജക്ടിൽ ബിൽ നം.60/16-17, തീയ്യതി 17-03-2017 പ്രകാരം 4,00,000 രൂപ പിൻവലിക്കുകയും ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനുവേണ്ടി 18-03-2017 ന് ഔഷധിയുടെ അക്കൗണ്ടിലേക്ക് (സിൻഡിക്കേറ്റ് ബാങ്ക്, പരിയാരം ശാഖ- അക്കൗണ്ട് നമ്പർ 42373070000233)

കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ 10-08-2017തീയ്യതി വരെ 5 ഘട്ടങ്ങളിലായി 2,70,172 രൂപയ്ക്കുള്ള മരുന്ന മാത്രമേ സ്ഥാപനത്തിന് ലഭിച്ചിട്ടുള്ളൂ. ബാക്കി 1,29,828രൂപയ്ക്കുള്ള മരുന്ന് നാളിതുവരെയായി ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. മുഴുവൻ മരുന്നും ലഭിക്കുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതും മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-11 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ- നാളിതുവരെയായി മരുന്നുകൾ ലഭിച്ചിട്ടില്ല

1. പ്രോജക്ട് നമ്പർ : 9/17

പേര് : ഹോമിയോ ഡിസ്പെൻസറി യിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 1,50,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ്)

ചെലവ് : 1,50,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ്)

ബിൽ നമ്പർ,തീയ്യതി : 1/16-17 , 07-01-2017

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 1,50,000 രൂപ പിൻവലിച്ച് ഡിഡി നമ്പർ 042158, തീയ്യതി 13-01-2017 പ്രകാരം ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ഹോംകോ മരുന്ന ലഭ്യമാക്കിയിട്ടില്ല. ഇത സംബന്ധിച്ച് 12-09-2017 ന് മെഡിക്കൽ ഓഫീസർ ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ)ക്ക് കത്തയച്ചതായി കാണുന്നു. നാളിതുവരെയായി മരുന്ന് ലഭ്യമാക്കാത്തത് ഹോംകോയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടില്ല.

2016-17 വർഷത്തെ പദ്ധതി പ്രകാരമുള്ള മരുന്ന് വാങ്ങുന്നതിനായി 2015-16 വർഷം തയ്യാറാക്കിയ ഇന്റന്റാണ് ഹോംകോയ്ക്ക് കൈമാറിയിട്ടുള്ളത്. മരുന്നിന്റെ യഥാർത്ഥ ആവശ്യകത നിർണ്ണയിക്കാതെ പദ്ധതി നടപ്പാക്കിയതിനും വിശദീകരണം നൽകിയിട്ടില്ല. ഇതിസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2 /2016-17, തീയ്യതി: 16-9-2017) ലഭ്യമാക്കിയ മറുപടിയിൽ 2015-16 വർഷത്തെ ഇന്റന്റിൽ വർഷം തിരുത്തി 2016-17 എന്നാക്കിയാണ് സമർപ്പിച്ചിട്ടുള്ളത്. മരുന്നുകൾ എത്രയും വേഗത്തിൽ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 DBT വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ- ഗ്രാമ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണങ്ങൾ - ഗുണഭോക്താക്കൾ ഉൾപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നില്ല

സാമൂഹിക പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് / പോസ്റ്റ് ഓഫീസ് അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുന്നതിനുള്ള സംവിധാനമാണ് DBT അഥവാ ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ.

DBT പെൻഷൻ വിതരണത്തിൽ ഗ്രാമ പഞ്ചായത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ഗുണഭോക്താക്കളുടെ വിവരങ്ങളിൽ തിരുത്തലുകൾ വരുത്തണമെങ്കിൽ ആവശ്യമായ രേഖകൾ സഹിതം സോഫ്റ്റ് വെയറിൽ ആ തിരുത്തലുകൾ വരുത്തുക.
2. മരണം സംഭവിക്കുകയോ മറ്റേതെങ്കിലും കാരണത്താൽ പെൻഷനിൽ നിന്നും ഒഴിവാക്കപ്പെടേണ്ട സാഹചര്യം ഉണ്ടാകുമ്പോഴോ ആയതിന്റെ വിവരങ്ങൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുക.
3. താത്കാലികമായി പെൻഷൻ തടഞ്ഞുവെക്കേണ്ട സാഹചര്യത്തിൽ ആയതിന്റെ കാരണം ഉൾപ്പെടുത്തി സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുക.
4. മരണം സംഭവിക്കുന്ന വ്യക്തികളുടെ അർഹമായ തുക അവരുടെ അവകാശിക്ക് നൽകുന്നതിനായുള്ള

വിവരങ്ങൾ വരുത്തുക.

5. ഗുണഭോക്താക്കളുടെ വിവരങ്ങളിൽ എന്തു മാറ്റം വരുത്തിയാലും അവ കൃത്യത ഉറപ്പാക്കി പരിശോധിച്ച് സെക്രട്ടറിയുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഡാറ്റാ സെന്ററിലേക്ക് അയക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ 2016 വർഷം 163 മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ മരണ റിപ്പോർട്ടിൽ പെൻഷണറാണ് എന്നത് ആധാർ നമ്പർ പ്രകാരം ഉറപ്പ് വരുത്തി ഗ്രാമ പഞ്ചായത്ത് പരിധിയിൽ വരുന്നവരെ പെൻഷൻ ലിസ്റ്റിൽ നിന്നും സസ്പെന്റ് ചെയ്യുവരാറുണ്ട് എന്നാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/16-17, തീയ്യതി : 16-09-2017) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. നിലവിൽ പെൻഷൻ വിതരണം DBT സമ്പ്രദായം വഴിയും ദേശസാൽകൃത ബാങ്കുകൾ മുഖേനയും സഹകരണ ബാങ്ക് വഴി നേരിട്ട് വീട്ടിലെത്തിക്കുന്ന സമ്പ്രദായം മുഖേനയും ആയതിനാൽ ഗുണഭോക്താക്കൾ തുക കൈപ്പറ്റാത്ത വിവരം ഗ്രാമ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യാറില്ല എന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് വീണ്ടും തുക എത്തിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നു. ഇത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന ഗുരുതരമായ വീഴ്ചയാണ്. ഗുണഭോക്താക്കളുടെ മരണം മൂലമോ മറ്റേതെങ്കിലും സാഹചര്യത്തിലോ പെൻഷൻ നിർത്തലാക്കുന്നതിന് വേണ്ട രേഖപ്പെടുത്തലുകൾ സോഫ്റ്റ് വെയറിൽ യഥാസമയം വരുത്തേണ്ടതും അർഹതയില്ലാത്തവർ പെൻഷൻ കൈപ്പറ്റുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-13 മുൻകൂർ നൽകിയ തുകകൾ - ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2016-17 വർഷത്തെ ബാലൻസ് ഷീറ്റ് (B-18ഷെഡ്യൂൾ) പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക്/ വ്യക്തികൾക്ക് നൽകിയ തുകകൾ ക്രമീകരിക്കാതെ നീക്കിയിരിപ്പായി കാണുന്നു.

നീക്കിയിരിപ്പായി കാണിച്ച 61600/-രൂപ സാനിട്ടറി യൂണിറ്റ് നിർമ്മാണത്തിനായി2015-16 വർഷത്തിൽ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളതാണ്.ഈ തുക ശുചിത്വമിഷനിൽ നിന്നും ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതും,ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തനതുഫണ്ടിൽ വരവു വെക്കേണ്ടതാണ്.

ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് എന്ന ഹെഡിൽ നീക്കിയിരിപ്പുള്ള 15730/- രൂപ വിവിധ വർഷങ്ങളിൽ കെഎസ്ഇബിക്ക് നൽകിയിട്ടുള്ളതാണ്.ഗ്രാമപഞ്ചായത്തിലെ വിവിധ ആവശ്യങ്ങൾക്കായി 2014-15 വർഷത്തിൽ 930/- രൂപയും,2015-16 വർഷത്തിൽ 11800/- രൂപയും, 2015-16 വർഷത്തിൽ 3000/- രൂപയും നൽകിയതിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്നും, കെഎസ്ഇബിയിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തുക ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-14 വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച തുകകൾ - ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പുള്ള തുകകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനോ ക്രമീകരിക്കുന്നതിനോ ഉള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്

2016-17 വർഷത്തെ ബാലൻസ് ഷീറ്റ് (B4ഷെഡ്യൂൾ) പ്രകാരം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച തുകകൾ ചെലവഴിക്കാതെ നീക്കിയിരിപ്പായി കാണുന്നു.

ടിഎസ് സി ഫണ്ടിനത്തിൽ 2012-13 വർഷം മുതൽ നീക്കിയിരിപ്പായി കാണുന്ന 31834/- രൂപ വിഇഒ-യുമായി ബന്ധപ്പെട്ട് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക ക്രമീകരിക്കുന്നതിനോ, അല്ലാത്ത പക്ഷം അത് നൽകിയ സ്ഥാപനത്തിലേക്ക് തിരിച്ചടക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

ശിശുവികസനപദ്ധതിക്ക് വേണ്ടി കേന്ദ്രാവിഷ്കൃതപരിപാടി ഇനത്തിൽ 2015-16 വർഷത്തിൽ 174099/- രൂപയും 2016-17 വർഷത്തിൽ 613784/- രൂപയും ഉൾപ്പെടെ 787883/- രൂപ ലഭിച്ചതിൽ181737/- രൂപ ചെലവഴിച്ചതിൽ 606146/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക അനുപൂരക പോഷകാഹാരപദ്ധതിക്ക് വേണ്ടി ഫലപ്രദമായി വിനിയോഗിക്കുന്നതിനോ അല്ലാത്ത പക്ഷം അംഗൻവാടികളുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കു ന്നതിനോ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഗുണഭോക്തൃവിഹിതമിനത്തിൽ നീക്കിയിരിപ്പായി കാണിച്ച 45153/- രൂപ മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് തുകയാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ഈ തുക ക്രമീകരിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-15 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ - ക്രമീകരിക്കാത്തത് സംബന്ധിച്ച്

2016-17 വർഷത്തെ ബാലൻസ് ഷീറ്റ് (B8ഷെഡ്യൂൾ) പ്രകാരം ഡെപ്പോസിറ്റ് -സിവിൽ വർക് എന്ന ഹെഡിൽ 147400/- രൂപയും, ഡെപ്പോസിറ്റ് മറ്റുള്ളവ എന്നയിനത്തിൽ 2000/- രൂപയും നീക്കിയിരിപ്പുണ്ട്. ഇതിൽ 147400/- രൂപ 2011-12 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇഎംഡി ഇനത്തിൽ ഒടുക്കിയിട്ടുള്ളതാണ്. നീക്കിയിരിപ്പായി കാണിച്ച 2000/- രൂപ 2013-14 വർഷത്തിൽ വാട്ടർ കണക്ഷനുവേണ്ടി തയ്യുള്ളതിൽ മുഹമ്മദ് എന്ന ആൾ ഡെപ്പോസിറ്റായി ഒടുക്കിയിട്ടുള്ളതാണ്. ഈ രണ്ട് തുകകളും ഡെപ്പോസിറ്റുകൾ എന്ന ഹെഡിൽ പോസ്റ്റ് ചെയ്യുന്നതിന് പകരം ഡെപ്പോസിറ്റ് വർക്കുകൾ എന്ന ഹെഡിൽ തെറ്റായി ചേർക്കുകയായിരുന്നു. മേൽപ്പറഞ്ഞ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 3-16 പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രോജക്ടുകൾ നടപ്പാക്കി.

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ,

2016-17 വർഷത്തിൽ വെറ്റിനറി സർജൻ നിർവഹണഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രകാരം പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് | 122/17, ആട് വളർത്തൽ വനിതകൾക്ക് | 134/17,പശുവളർത്തൽ വനിതകൾക്ക് |
|---|---|---|
| അടങ്കൽ | 49821(വിഫ)<br>2679(തനത്)<br>52500(ഗു.വിഹിതം) | 50000(തനത്)<br>175000(ഗു.വി)<br>25000(വി.ഫ) |
| ചെലവ് | 37500(വി.ഫ)<br>ബിൽ 8/16-17,<br>30-3-17 | 25000/-(6/16-17,28-3-17)<br>50000/-(ചെക്ക്.5585623 /10-3-17) |

മേൽ പദ്ധതികൾ പ്രകാരം 5 ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങുന്നതിനായി ഒരാൾക്ക് 15000/- രൂപ വീതം സബ്സിഡിയിനത്തിൽ 75000/- രൂപയും 3 ആട്ടുകളെ വീതം വാങ്ങുന്നതിന് ഒരാൾക്ക് 7500/- രൂപ പ്രകാരം 5 ഗുണഭോക്താക്കൾക്ക് 37500/-രൂയും ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി മാർഗരേഖ പ്രകാരം ഒരു ജനപ്രതിനിധി ചെയർമാനും, നിർവഹണഉദ്യോഗസ്ഥൻ കൺവീനറുമായ സമിതി പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വേണം പർച്ചേസ് നടത്തേണ്ടത്. എന്നാൽ ഗുണഭോക്താക്കൾ നേരിട്ട് ഉരുക്കളെ വാങ്ങിയതായിട്ടാണ് കാണുന്നത്.

കൂടാതെ ആരിൽ നിന്നാണോ ഉരുക്കളെ വാങ്ങുന്നത് അവരുടെ അക്കൗണ്ടിലേക്കാണ് വില നൽകേണ്ടത്. എന്നാൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് വരവ് വെക്കുന്നതിന് ധർമ്മടം സർവീസ് കോപ്പറേറ്റീവ് ബാങ്കിലേക്ക് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഉരുക്കളെ വാങ്ങുന്നതിന് കമ്മിറ്റി രൂപീകരിച്ചുവെങ്കിലും, മുഴുവൻ ഗുണഭോക്താക്കളും യോഗത്തിൽ പങ്കെടുത്തില്ല എന്നും, ഈ കമ്മിറ്റി തന്നെയാണ് ബാങ്ക് ലോൺ മുഖേന ഉരുക്കളെ വാങ്ങാൻ തീരുമാനിച്ചത് എന്നും, ഗുണഭോക്താക്കൾ ബാങ്ക് ലോൺ വഴി ഉരുക്കളെ വാങ്ങിയതിനാലാണ് സബ്സിഡി തുക ബാങ്കിലേക്ക് നൽകിയത് എന്നും മറുപടി നൽകിയിട്ടുണ്ട്.

പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രോജക്റ്റുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവഹണ ഏജൻസി | പ്രവൃത്തിയു ടെ പേര് | മുൻകൂർ നൽകിയ തുക | ചെലഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|---|
| 2016-17 | കെഎസ്ഇബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 68835 | 38835 | |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് .

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം 2016-17

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 35586464 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37478081 |
| വരവിനങ്ങളിലുള്ള നഷ്ടം | 2894 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,38,265 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2894 | - | ശ്രീ. പ്രസാദ് വി.വി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 7,38,265 | പ്രസാദ് വി വി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രസാദ് വി.വി, സെക്രട്ടറി | സെക്രട്ടറി, ധർമ്മടം ഗ്രാമ പഞ്ചായത്ത് | പ്രസാദ് നിവാസ്, വേങ്ങാട് പി.ഒ, കണ്ണൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേ ഷിക്കുന്ന ഖണ്ഡികകളു ടെ എണ്ണം |
|---|---|---|
| 1997-98 | എൽഎഫ് കെഎൻആർ/സി8 /174/2015(1))തീയതി 8-10-15 | 3 |
| 1999-2000 | എൽഎഫ് കെഎൻആർ/സി8 /174/2015(2))തീയതി 8-10-15 | 4 |
| 2001-02 | എൽഎഫ് കെഎൻആർ/സി8 /174/2015(3))തീയതി 8-10-15 | 5 |
| 2003-04 | എൽഎഫ് കെഎൻആർ/സി8 /174/2015(4))തീയതി 8-10-15 | 2 |
| 2004-05 | എൽഎഫ് കെഎൻആർ/സി8 /174/2015(5))തീയതി 8-10-15 | 3 |
| 2007-08 | എൽഎഫ് കെഎൻആർ/സി8 /174/2015(6)തീയതി 8-10-15 | 4 |
| 2008-09 | എൽഎഫ്കെഎൻആർ/സി-2/1/2011തീയതി 25-3-11/2-6-11 | 6 |
| 2009-10 2010-11 | എൽഎഫ് കെഎൻആർ/സി.8/1001/2012 തീയതി 11-10-12/3-12-12 | 8 |
| 2011-12 | കെഎസ്എ/കെഎൻആർ/സി.8/751/2014 തീയതി 01-12-14/ 17-04-2015 | 26 |

| | | |
|---|---|---|
| 2012-13<br>2013-14 | കെഎസ്എ/കെഎൻആർ/സി.8/201/2016 തീയതി 19-10-16 | 24 |
| 2014-15 | കെഎസ്എ/കെഎൻആർ/സി8/1456/2016 തീയതി 09-08-16 | 24 |
| 2015-16 | കെഎസ്എ/കെഎൻആർ/സി7/2234/2016 തീയതി:08-02-17 | 24 |

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.-കെ.എൻ.ആർ/സി.7/1660/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ

ഇ-മെയിൽ – doknr.ksad@kerala.gov.in

ഫോൺ – 04972-707698

തീയ്യതി – 01.11.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നിർവ്വഹിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

APPENDIX - 1

AUDIT CERTIFICATE

No.KSA-KNR/C7/1660/2017

Kerala State Audit Department,
District Audit Office, Kannur,

Phone 04972-707698

E-Mail. doknr.ksad@kerala.gov.in

Date: 01.11.2017

Certified that I have audited the Annual Financial Statement of Dharmadam Gramapanchayath in KANNUR District for the year ended on 31.3. 2017 in accordance with Section 4 of the Kerala Local Fund

Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Dharmadam Gramapanchayath for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR,

KERALA STATE AUDIT DEPARTMENT

.

## അനുബന്ധം-2

# INCOME AND EXPENDITURE STATEMENT OF DHARMADAM GRAMAPANCHAYATH FOR THE PERIOD FROM 1-4-2016 TO 31-3-2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5276587 |
| 130000000 | Rental Income from panchayat properties | I-3 | 4000 |
| 140000000 | Fees & User Charges | I-4(b) | 702410 |
| 150000000 | Sale & Hire Charges | I-5(b) | 1107620 |
| 160000000 | RevenueGrants,Funds,Contributions& Compensations | I-6 | 43131455 |
| 171000000 | Interest Earned | I-8 | 84090 |
| 180000000 | Other Income | I-9 | 0 |
| A | Total Income | | |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10338313 |
| 220000000 | Administrative Expenses | I-11(b) | 913290 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12(b) | 2228922 |
| 240000000 | Interest & Finance Charges | I-13 | 348 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 5075080 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 16072889 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1079257 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 525861 |
| 254000000 | Expenditures of transferred institutions and state sponsored schemes | 1-14(d) | 12686681 |
| 255000000 | Maintenance Projects | 1-14(e) | 2494694 |
| B | Total Expenditure | | 51415335 |
| C=A-B | Gross Surplus / Defict Income over Expenditure | | -1109173 |
| D= 280000000 | Prior Period Item | I-18 | 117096 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | -1226269 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

.

DEPUTY DIRECTOR,
DISTRICT AUDIT OFFICE, KANNUR.

## അനുബന്ധം-3

# RECEIPT AND PAYMENT STATEMENT OF DHARMADAM GRAMAPANCHAYATH FOR THE PERIOD FROM 1-4-2016 TO 31-3-2017

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 8165062.53<br>156818 |
| | Receipts | | |
| 110000000 | Tax Revenue | RP-1 | 2068359 |
| 130000000 | Rental income from panchayath properties | RP-3 | 4000 |
| 140000000 | Fees & User Charges | RP-4 | 276550 |
| 150000000 | Sale & Hire Charges | RP-5 | 1107620 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 10975420 |
| 171000000 | Interest Earned | RP-9 | 84090 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 16368230 |
| 350000000 | Other liabilities | RP-36 | 29750 |
| 431000000 | Sundry debtors(Receivables) | RP-43 | 38216 |
| Non operating | | | |
| 180000000 | Other Income | RP-10 | 0 |
| 311000000 | Earmarked Funds | RP -29 | 2118 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 120901 |
| 350000000 | Other Liabilities | RP-36 | 191550 |
| 431000000 | Sundry Debtors (Receivables) | RP-43 | 4275340 |
| 460000000 | Loans, Advances and Deposits | RP-47 | 44500 |
| Grand Total | | | 43908344.53 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3874246 |
| 220000000 | Administrative Expenses | RP-12 | 913111 |
| 230000000 | Operations & Maintenance | RP-13 | 2228922 |
| 250000000 | Decentralised Plan Programme-productive Sector | RP-15 | 2283229 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 11281675 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1079257 |
| 253000000 | Decentralised Plan Programme-projects not included in sector | RP-18 | 525861 |
| 254000000 | Expenditures of transferred institutions and state sponsored schemes | RP-19 | 794126 |
| 255000000 | Maintance Projects | RP-20 | 2494694 |
| 256000000 | Other Revenue grants and Funds-Revenue Expenses | RP-21 | 0 |
| 280000000 | Prior Perid Items | RP-26 | -3268 |
| 320000000 | Grants, Funds & Contributions for Specific Purposes | RP 31 | 0 |
| 350000000 | Othes Liabilities | RP-36 | 4900251 |
| Non Operating | | | |
| 240000000 | Interest &Finance charges | RP-14 | 348 |
| 280000000 | Prior period item | RP-26 | -5000 |
| 311000000 | Earmarked funds | RP-29 | 50000 |
| 340000000 | Deposits Received | RP-34 | 253925 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 1800960 |
| 410000000 | Fixed Assets | RP-38 | 1402528 |
| 412000000 | Capital work in progress | RP-40 | 3358116 |
| 460000000 | Loans, Advances and Deposits | RP-47 | 245100 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 6401669.53<br>28594 |
| Grand Total | | | 43908344.53 |

DEPUTY DIRECTOR,
DISTRICT AUDIT OFFICE, KANNUR.

**അനുബന്ധം-4**

# BALANCE SHEET OF DHARMADAM GRAMA PANCHAYAT AS ON 31-3-2017

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 13535175.14 |
| 31100000 | Earmarked Funds | B2 | 59895 |
| 312000000 | Reserves | B-3 | 19313796 |
| | Total Reserve & Surplus | | 32908866.14 |
| 320000000 | Grants , Contribution for specific purposes | B4 | 694911 |
| | Total Grants, Funds,Contributions for specific purposes | | |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 1002162.5 |
| 341000000 | Deposit works | B-8 | 149400 |
| 350000000 | Other Liabilities | B-9 | 1789079 |
| | Total Current Liabilities and Provisions | | 2940642.39 |
| | TOTAL LIABILITIES | | 36544419.53 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 33782176 |
| 411000000 | Accumulated Depreciation | B-11 | -6777162 |
| 412000000 | Capital Work In Progress | B-11(a) | 0 |
| | Total Fixed Assets | | 27005014 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 3016558 |
| 450000000 | Cash and Bank balance | B-17 | 6430263.53 |
| 460000000 | Loans, Advances and Deposits | B-18 | 92584 |
| | Total Current Assets,Loans and Advances | | 9539405.53 |
| | TOTAL ASSETS | | 36544419.53 |

DEPUTY DIRECTOR,
DISTRICT AUDIT OFFICE, KANNUR.